## പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 920** **29/09/2011-ൽ മറുപടിക്ക്**

## പാഠപുസ്തക വിവാദം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>" എ. പി. അബ്ദുള്ളക്കുട്ടി<br>" ഡൊമിനിക് പ്രസന്റേഷൻ:<br>" എം. എ. വാഹീദ് : | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) പാഠപുസ്തകങ്ങൾ വിവാദങ്ങൾക്ക് അതീതമാകുന്നതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | എ) പാഠപുസ്തകങ്ങൾ വിവാദങ്ങൾക്ക് അതീതമാക്കാൻ താഴെപറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. ഓരോ പാഠപുസ്തക നിർമ്മാണത്തിനും ഒരു പാഠപുസ്തക സമിതിയെ നിയോഗിച്ചു. ഈ കമ്മിറ്റിയിൽ ചെയർമാൻ, അഡ്വൈസർ, വിഷയ വിദഗ്ദ്ധർ, അദ്ധ്യാപകർ തുടങ്ങിയവർ അംഗങ്ങളാകും. എസ്.സി. ഇ.ആർ.ടിയിലെ വിഷയവുമായി ബന്ധപ്പെട്ട ആൾ കോ-ഓർഡിനേറ്ററുടെ ചുമതല വഹിക്കുകയും ചെയ്യും.<br>2. ഇപ്രകാരം തയ്യാറാക്കുന്ന പുസ്തകങ്ങൾ ഒരു വിദഗ്ദ്ധ സമിതിയുടെ പരിശോധനയ്ക്ക് വിധേയമാക്കുന്നു.<br>3. തുടർന്ന് ഈ പുസ്തകം കരിക്കുലം കമ്മിറ്റിയുടെ ഉപ സമിതി പരിശോധിക്കുന്നു. ഇപ്രകാരം പരിശോധിച്ച് നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് മാറ്റങ്ങളും തിരുത്തലുകളും വരുത്തുന്നു.<br>4.അതിനു ശേഷം പുസ്തകം സംസ്ഥാന കരിക്കുലം കമ്മറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു. ഇത് കൂടാതെ സംസ്ഥാന തലത്തിൽ പാഠപുസ്തക പരിശോധനാ സമിതിയും നിലവിലുണ്ട്. |
| ബി) പാഠപുസ്തകങ്ങൾ തയ്യാറാക്കൽ കുറ്റമറ്റതാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത്; | ബി) പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നത് കുറ്റമറ്റതാക്കാനായി ഓരോ വിഷയവുമായി ബന്ധപ്പെട്ട പാഠപുസ്തക സമിതികൾ പുന:സംഘടിപ്പിക്കും. |

(......2)

| | | | |
|---|---|---|---|
| സി) | ഇക്കാര്യത്തിൽ അതീവ ശ്രദ്ധ ചെലുത്തുമോ? | സി) | ഇക്കാര്യത്തിൽ അതീവ ശ്രദ്ധ ചെലുത്തും. |

സെക്ഷൻ ഓഫീസർ